നിസ്സഹായരായവർക്കുള്ള സഹായം.

61. [21] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് സഹായിക്കുവാനും അന്വേഷിക്കുവാനും ആരുമില്ലാത്ത നിസ്സഹായരായ വൃദ്ധന്മാർ, അംഗഹീനർ മുതലായവരുടെ വല്ല കണക്കും ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ;

(ബി) അങ്ങനെയുള്ളവരെ സഹായിക്കുവാൻ ഗവണ്മെൻറിന് വല്ല പദ്ധതിയും ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ഇപ്പോൾ അങ്ങനെയുള്ളവർക്ക് വല്ല സഹായവും ചെയ്യുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഉത്തരം.

(എ) ഇല്ല.

(ബി) പ്രത്യേകിച്ച് പദ്ധതിയൊന്നുമില്ല. ഇപ്രകാരമുള്ളവരെ ഉദ്ദേശിച്ചാണ് തുള്ളർ ഡിസ്പെൻസറിയിലെ റിലീഫ് സെറിബ്രൽ മെൻഗൈറ്റിസ്, തിരുവനന്തപുരത്തെ ശ്രീ ചിത്രാ ഹോം എന്നിങ്ങനെയുള്ള അനാഥമന്ദിരങ്ങൾ ഗവണ്മെൻറ് നടത്തുന്നതും, മറ്റു പ്രൈവറ്റ് മന്ദിരങ്ങൾക്ക് ഗവണ്മെൻറ് ഗ്രാൻറ് നൽകുന്നതും.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മേല്പറഞ്ഞ അനാഥമന്ദിരങ്ങളിലെ അംഗങ്ങൾക്കെല്ലാം വർഷം തോറും ഇത്തരം സഹായം നൽകുകയാണ്.

(ഇ) അവർക്കുവേണ്ട അന്നവസ്ത്രാദികളും താമസസ്ഥലവും അതാതു അനാഥമന്ദിരങ്ങളിൽനിന്നും നൽകുന്നുണ്ട്.

UNSTARRED QUESTIONS POSTED FOR ANSWER ON 6-3-1956.

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകൾ.

62. [3] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-56-ലെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ എന്തു നടപടികൾ നടത്തി ;

(ബി) അവയുടെ സ്വഭാവമെന്തു് ?

ഉത്തരം.

(എ, ബി) 1955-56-ലെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly